QCDS-1/2002-3

തിയതി- 15/02/2018

## കേരള സർക്കാർ ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ, തൃശ്ശൂർ

## പുനർലേല പരസ്യം

തൃശ്ശൂർ ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ കാര്യാലയത്തിനു കീഴിലുള്ള മഹീന്ദ്ര ജീപ്പ് ( KL-10F 4995, മോഡൽ 1997) ഇറിഗേഷൻ വകുപ്പ് ചീഫ് എൻജിനിയർ ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ Order No:DM-AD2/7/2015-IDRB Dtd 20/06/2017 പ്രകാരം ലേലം ചെയ്യാൻ ഉത്തരവായിരിക്കുന്നു. ഇതിൻ പ്രകാരം 02/03/2018 പകൽ 11 മണിയ്ക്ക് തൃശ്ശൂർ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗ സ്ഥനോ ചെമ്പൂക്കാവിലുള്ള ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസ് പരിസ രത്തുവെച്ച് വാഹനത്തിൻെറ "ഇപ്പോഴുള്ള അവസ്ഥയിലും സ്ഥിതിയിലും" പരസ്യ മായി ലേലം ചെയ്തു കൊടുക്കുന്നതാണ്. വാഹനം പരിശോധിക്കുവാൻ താത്പര്യ മുള്ളവർക്ക് ഓഫീസ് സമയങ്ങളിൽ ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ അവസരമുണ്ടായിരിക്കുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി നിരതദ്രവ്യമായി 1500 രൂപ കെട്ടിവെക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം അടക്കുന്ന സമയത്ത് അവരുടെ Pan Card ഉം തിരിച്ചറിയൽ രേഖയുടെ ( Voters ID, Driving License, Adhar Card) അസൽ കാണിക്കേണ്ടതും ആയതിൻെറ ഒരു പകർപ്പ് നൽകേ ണ്ടതുമാണ്. പരസ്യ ലേലത്തിനു ശേഷം ലേലം കൂടുതൽ തുകക്ക് കൈപ്പറ്റുന്ന വ്യക്തി ലേലതുകയും തുകയുടെ നികുതി (GST ) ചേർത്ത തുക അന്നേ ദിവസം തന്നെ കെട്ടിവെക്കേണ്ടതും 3 ദിവസത്തിനകം ലേലവസ്തുവായ വാഹനം സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ലേലം തൊട്ടടുത്ത ആൾക്ക് ഉറപ്പിച്ച് നൽകുന്നതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയായി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും അതേ സ്ഥലത്തു വെച്ചും തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതാണ്. ലേലത്തിൽ ഒന്നു മുതൽ മൂന്നുവരെ സ്ഥാനങ്ങളിൽ വരു ന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിനുശേഷം മാത്രമേ മടക്കി നൽകുകയുള്ളു. യാതൊരുകാരണവും കാണിക്കാതെ ലേല നടപടി റദ്ദുചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പു വെച്ചിരിക്കുന്നയാൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. മുൻ ലേലങ്ങളിൽ പങ്കെടുക്കുകയും പ്രസ്തുത ലേല

വ്യവസ്ഥയിൽ ലംഘനം നടത്തിയിട്ടുള്ളതുമായ വ്യക്തികൾ ഈ ലേലത്തിൽ പങ്കെടുക്കാൻ അയോഗ്യരായിരിക്കുന്നതാണ്. മുദ്ര വച്ച ക്വട്ടേഷനുകൾ നിശ്ചിത നിര തദ്രവ്യത്തിൻെറ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം 01/03/2018 വൈകുന്നേരം 5 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

പൊതു മരാമത്ത്, ജലസേചന വകുപ്പിൽ നിലവിലുളള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. ഈ ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തൃശ്ശൂർ ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ ഓഫീസിൽ നിന്നോ അല്ലെങ്കിൽ ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസിൽ നിന്നോ ലഭിക്കുന്നതാണ്.

ലേല വസ്തു **KL-10 F 4995** മഹീന്ദ്ര ജീപ്പ്, മോഡൽ 1997

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ

ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷൻ തൃശ്ശൂർ

പകർപ്പ്. 1). എക്സിക്യൂട്ടീവ് എൻജിനിയർ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ തൃശ്ശൂർ

2). അസിസ്റ്റന്റ് എൻജിനിയർ ക്വാളിറ്റി കൺട്രോൾ സെക്ഷൻ, തൃശ്ശൂർ

3) നോട്ടീസ് ബോർഡ്

4) ഓഫീസ് ഫയൽ